ഉത്തരം

(എ) ചെറുകിട കർഷകർക്ക് ആവശ്യമായ ചെറിയതരം കുഴൽ കിണറുകൾ കുഴിക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ ഭൂഗർഭ ജലവകുപ്പിന്റെ താഴെ പറയുന്ന 8 ജില്ലാ ഡ്രില്ലിംഗ് സബ്ഡിവിഷനുകളിൽ ഉണ്ട്.

1. തിരുവനന്തപുരം
2. ആലപ്പുഴ
3. കോട്ടയം
4. എറണാകുളം
5. മലപ്പുറം
6. പാലക്കാട്
7. പത്തനംതിട്ട
8. കോഴിക്കോട്

(ബി) ബാക്കിയുള്ള 6 ജില്ലകളിൽ ചെറിയതരം കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ള യന്ത്രങ്ങൾ കേന്ദ്രസഹായത്തോടുകൂടി ഇക്കൊല്ലം വാങ്ങിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ നിയമനം സംബന്ധിച്ച് നിലവിലുള്ള കേസ്സുകൾ

442 [479] ശ്രീ. കെ.ടി. കണാരൻ:
,, വി.കെ. രാജൻ
,, കാനം രാജേന്ദ്രൻ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ നിയമനത്തെപ്പറ്റി എത്ര കേസ്സുകൾ കോടതിയിലുണ്ട്;

(ബി) ഏതെല്ലാം;

(സി) എത്ര കേസ്സുകളിൽ ഇതുവരെ കോടതി തീർപ്പ് കൽപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഏഴ് കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) 1. ശ്രീ. രാധാകൃഷ്ണൻ ഫയൽ ചെയ്ത ഒ.പി.നം. 7698/84
2. ശ്രീ. എം. അയ്യപ്പൻ ഫയൽ ചെയ്ത ഒ.പി.നം. 3425/84.
3. ശ്രീ. എഗ്ഡർ ഗോമസ് ഫയൽ ചെയ്ത ഒ.പി.നം. 11164/84.
4. കെ. മേരിദാസ് മാത്യു ഫയൽ ചെയ്ത ഒ.പി.നം. 9264/84.
5. ശ്രീ. ഇ.കെ. ത്യാഗരാജൻ ഫയൽ ചെയ്ത ഒ.പി.നം. 4672/84.
6. ശ്രീമതി ജെ. ഇന്ദിരാബായി ഫയൽചെയ്ത ഒ.പി.നം. 11118/85.
7. ശ്രീ. കൃഷ്ണകുമാർ ഫയൽ ചെയ്ത ഒ.പി.നം. 11174/85.

(സി) 8 കേസ്സുകളിൽ.

LIBRARY ARCHIVES Kerala Legislative Assembly